**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല-മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് - 2008-09 മുതൽ 2010-11 വരെയുള്ള വർഷത്തിലെ അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക IV.I (ii) - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ) നം.3896/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 30.12.2015

---

പരാമർശം: 1.പഞ്ചായത്ത് ഡയറക്ടറുടെ 16.06.2015 തീയതിയിലെ എം3-17909/15 നം. കത്ത്

2.മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 25.03.2010 തീയതിയിലെ യോഗത്തിലെ 77/10 നം. തീരുമാനം.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2008-09 മുതൽ 2010-11 വരെയുള്ള വർഷത്തിലെ അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക IV.I (ii) പ്രകാരം തടസ്സപ്പെടുത്തിയ 2,02,500 രൂപക്ക് സർക്കാർ സാധൂകരണം നൽകണമെന്ന മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ പരാമർശം 2-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 1-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി

ഐടിഐ ഭൂമിക്ക് അധികമായി നൽകിയ തുകയാണ് തടസ്സപ്പെടുത്തിയിട്ടുള്ളത്.ജില്ലാകലക്ടർ നിശ്ചയിച്ച തുക പ്രാദേശികമായി നിലനിൽക്കുന്ന തുകയേക്കാൾ കുറവായതിനാൽ സ്ഥലം രജിസ്റ്റർ ചെയ്യാൻ സാധിക്കില്ല എന്ന് സ്ഥലമുടമകൾ അറിയിച്ചതനുസരിച്ചാണ് അധികവില നൽകേണ്ടി വന്നതെന്ന് പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പഞ്ചായത്തിന്റെ ഐകകണ്ഠേനയുള്ള തീരുമാനമുള്ളതിനാലും , കലക്ടർ നിശ്ചയിച്ച വില മാർക്കറ്റ് വിലയെക്കാൾ 50% കുറവാണെന്ന് പഞ്ചായത്തിന് ഉത്തമ ബോധ്യമുള്ളതിനാലും , ഈ പ്രൊജക്റ്റ് നടപ്പാക്കുന്നതിന് മുൻകൂർ

സർക്കാർ അനുവാദം നേടിയിരുന്നതിനാലും, മറ്റ് ക്രമക്കേടുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാലും, പരാമർശം 1-ലെ അപേക്ഷ, പരാമർശം 2-ലെ യോഗ തീരുമാനം എന്നിവ പരിഗണിച്ചും മേലിൽ ഇത്തരം വീഴ്ച ഉണ്ടാകരുതെന്ന കർശന നിർദ്ദേശത്തോടെയും മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2008-09 മുതൽ 2010-11 വരെയുള്ള വർഷത്തിലെ അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക IV.I (ii) പ്രകാരം തടസ്സപ്പെടുത്തിയ 2,02,500 (രണ്ട് ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ് മാത്രം) രൂപക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത്, കണ്ണൂർ ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം,തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ